**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1552** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ മേഖലയുടെ വികസന മുന്നേറ്റത്തിന് കരുത്തേകും എന്ന് പ്രതീക്ഷിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. 2015 ഡിസംബർ 5 ന് ആരംഭിച്ച തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3 നായിരുന്നു പൂർത്തീകരിക്കേണ്ടിയിരുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിൽ 3100 മീറ്റർ നീളമുള്ള പുലിമുട്ടാണ് നിർമ്മിക്കേണ്ടത്. നിലവിൽ പുലിമുട്ടിന്റെ കരയിൽനിന്നും 1350 മീറ്റർ വരെയുള്ള ഭാഗത്ത് കരിങ്കല്ല് നിക്ഷേപിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1350 മുതൽ 1800 മീറ്റർ വരെയുള്ള ഭാഗത്ത് ടി പ്രവൃത്തികൾ ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കരാർ കമ്പനി 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യ മാസങ്ങളിലോ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കുവാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം തുറമുഖ പദ്ധതി പ്രാവർത്തികമാവുന്നതിലൂടെ രാജ്യത്തെ | (സി) | നിലവിൽ ശ്രീലങ്ക, ദുബായ്, സിംഗപ്പൂർ മുതലായ വിദേശ രാജ്യങ്ങളിലെ ട്രാൻഷിപ്പ്മെന്റ് തുറമുഖങ്ങളെ |

| | | | |
|---|---|---|---|
| | കണ്ടെയിനറുകളുടെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി ഇത് മാറുമോയെന്ന് അറിയിക്കാമോ; | | ആശ്രയിച്ചാണ് ഇന്ത്യയുടെ കണ്ടെയിനർ ചരക്ക് ഗതാഗതം നടക്കുന്നത്. ഇന്ത്യയിലേക്കും ഇന്ത്യയിൽ നിന്നും പുറത്തേക്കുമുള്ള കണ്ടെയ്നറുകളുടെ "ട്രാൻസ്ഷിപ്പ്മെന്റ് ഓപ്പറേഷൻസ്" വിഴിഞ്ഞത്ത് വച്ച് നടത്തുക എന്നുള്ള ലക്ഷ്യത്തോടു കൂടിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. നിർമ്മാണം പൂർത്തിയാകുന്ന തോടു കൂടി ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ ബെർത്ത് ചെയ്യുന്നതിനും ട്രാൻസ്ഷിപ്പ്മെന്റ് നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ വിഴിഞ്ഞത്ത് ലഭ്യമാകുന്നതാണ്. ഇപ്രകാരം രാജ്യത്തിന്റെ തന്നെ ട്രാൻസ്ഷിപ്പ്മെന്റ് കേന്ദ്രമായി വിഴിഞ്ഞം മാറുന്നതായിരിക്കും. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തിന്റെ വ്യവസായ, വാണിജ്യ മേഖലകളിലും ടൂറിസം, ഗതാഗതം തുടങ്ങിയ മറ്റ് മേഖലകളിലും ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | തുറമുഖത്തിന്റെ വികസന സാധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങൾ സർക്കാർ തന്നെ നടപ്പിലാക്കുന്നതിൽ നടപടി സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ റോഡിനെ കേന്ദ്രീകരിച്ച് ഒരു Outer Area Growth Corridor പദ്ധതിയും പരിഗണനയിലുണ്ട്. Outer Area Growth Corridor ന്റെ ഭാഗമായി വിവിധ നിക്ഷേപ മേഖലകൾ ( Commercial Zone, Logistics hub മുതലായവ) വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് തുറമുഖ രംഗത്ത് മുതൽമുടക്കുവാൻ താത്പര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ

| നിർമ്മാണ ഘടകം | പുരോഗതി |
|---|---|
| പുലിമുട്ട് | 33% (ഏകദേശം) |
| ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 33 % |
| കണ്ടെയ്നർ ബെർത്ത് | • പൈലിംഗ് –100%<br>• ബീം, സ്ലാബ് പ്രീകാസ്റ്റിംഗ് – 100%<br>• ബെർത്തിന്റെ 'super structure' പണികൾ ആരംഭിക്കേണ്ടതുണ്ട്. |
| കണ്ടെയ്നർ യാർഡ് | 18% |
| തുറമുഖത്തി നായിട്ടുള്ള ഉപകരണങ്ങൾ | • കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന തിനുള്ള ക്രെയിനുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.<br>• ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |